പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1995 **26-10-2026-ൽ മറുപടിയ്ക്ക്**

പത്തനാപുരം താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജ്യോതികുമാർ ചാമക്കാല ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പത്തനാപുരം താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂഷണൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നായിരുന്നു രൂപീകരിക്കേണ്ടിയിരുന്നതെന്നും എന്നാണ് രൂപീകരിച്ചതെന്നും വ്യക്തമാക്കുമോ;

മറുപടി: നിർമ്മാണം തുടങ്ങുന്ന വേളയിലാണ് ഇൻസ്റ്റിറ്റ്യൂഷണൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടത്. പത്തനാപുരം താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഇംപ്ലിമെന്റേഷൻ കമ്മിറ്റി 18.07.2026-ലാണ് രൂപീകരിച്ചിട്ടുള്ളത്.

(ബി) കമ്മിറ്റിയുടെ അനുമതിയില്ലാതെ അടിസ്ഥാന ഡിപിആർ(ഡീറ്റെൽഡ് പ്രോജക്ട് റിപ്പോർട്ട്)-ൽ എന്തെല്ലാം വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിന് ആരാണ് ശുപാർശ ചെയ്തത്; ആയത് നിയമപ്രകാരമാണോ; വിശദമാക്കുമോ?

മറുപടി: ഡിപിആർ (ഡീറ്റെൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂഷണൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ അഭിപ്രായം ആവശ്യമില്ല. സ്ഥാപനമേധാവിയും എച്ച്.എം.സി. സമിതിയും ചേർന്നാണ് എസ്.പി.വി. മുഖേന ഡിപിആർ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നത്.

സെക്ഷൻ ഓഫീസർ